# ചിത്രരചനയും രൂപപ്പെടുത്തലും

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«قَالَ اللّهُ تعالى: وَمَنْ أَظْلَمُ مِمّنْ ذَهَبَ يَخْلُقُ كَـــخَلْقِي ؟ فَلْيَخْلُقوا ذَرّةً ، أَوْ لِيَخْلُقُوا حَبّةً. أَوْ لِيَخْلُقُوا شَعِيرَةً»

"അല്ലാഹുﷻ പറഞ്ഞിരിക്കുന്നു. «എന്റെ സൃഷ്ടിപ്പ് പോലെ സൃഷ്ടിക്കുവാൻ തുനിയുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? എങ്കിൽ അവൻ അണുമണി സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവനൊരു ധാന്യമണി സൃഷ്ടിക്കട്ടെ, അതുമല്ലെങ്കിൽ ഒരു ബാർലി സൃഷ്ടിക്കട്ടെ»" (ബുഖാരി, മുസ്ലിം)

ആഇശാﷺയിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«أَشَدّ النّاسِ عَذَاباً يَوْمَ الْقِيَامَةِ, الّذِينَ يُضَاهِؤنَ بِخَلْقِ اللّهِ»

"അന്ത്യനാളിൽ അതികഠിനമായ ശിക്ഷയുള്ളത് അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് സദൃശ്യരാകുന്നവർക്കാണ്. " (ബുഖാരി, മുസ്ലിം)

ഇബ്നു അബ്ബാസ്ﷺവിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു:

«كُلّ مُصَوّرٍ فِي النّارِ. يُجْعَلُ لَهُ بِكُلّ صُورَةٍ صَوّرَهَا نَفْسٌ يُعَذّبُ بها فِي جَهَنّمَ»

"എല്ലാ മുസ്വവ്വിറുകളും (രൂപമുണ്ടാക്കുന്നവരും) നരകത്തിലാണ്. അവനുണ്ടാക്കിയ എല്ലാ രൂപങ്ങൾക്കും അന്ത്യനാളിൽ ആത്മാവ് നൽകപ്പെടും. അവകൾ കൊണ്ട് അവനെ നരകാഗ്നിയിൽ ശിക്ഷിക്കും." (ബുഖാരി, മുസ്ലിം)

ഇബ്നു അബ്ബാസ്ﷺവിൽ നിന്നും (അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞതായി) നിവേദനം:

«مَنْ صَوّرَ صُورَةً فِي الدّنْيَا كُلّفَ أَنْ يَنْفُخَ فِيهَا الرّوحَ يَوْمَ الْقِيَامَةِ. وَلَيْسَ بِنَافِخٍ».

‘‘ആരെങ്കിലും ദുനിയാവിൽ ഒരു രൂപമുണ്ടാക്കിയാൽ അതിൽ ആത്മാവ് ഊതുവാൻ അന്ത്യനാളിൽ അവൻ നിർബന്ധിക്കപ്പെടും. ഒരിക്കലും അവന് ഊതുവാനാകില്ല.’’(ബുഖാരി, മുസ്‌ലിം)

അബുൽ ഹയ്യാജ്ﷺവിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു:

قَالَ لِي عَلِيّ: أَلا أَبْعَثُكَ عَلَىَ مَا بَعَثَنِي عَلَيْهِ رَسُولُ اللّهِ ﷺ: أن لاَ تَدَعَ صُورَةً إلاّ طَمَسْتَهَا، وَلاَ قَبْراً مُشْرِفاً إلاّ سَوّيْتَهُ

‘‘എന്നോട് അലിയ്യ് (ഇബ്നു അബീത്വാലിബ്) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ എന്നെ നിയോഗിച്ചതിന് ഞാൻ താങ്കളെ നിയോഗിച്ചയക്കട്ടേ? ഒരു രൂപവും മായിക്കാതെയും ഉയർത്തിയ ഒരു ക്വബ്റിനേയും നിരപ്പാക്കാതേയും താങ്കൾ വിട്ടേക്കരുത്.’’
(മുസ്‌ലിം)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- രൂപമുണ്ടാക്കുന്നവരോടും ചിത്രമുണ്ടാക്കുന്നവരോടുമുള്ള കഠിനമായ സമീപനം.
- അല്ലാഹുﷻയോടുള്ള മര്യാദ ഉപേക്ഷിക്കലാണ് രൂപമുണ്ടാക്കുന്നതിലും ചിത്രമുണ്ടാക്കുന്നതിലും ഉള്ളതെന്ന കാരണം ഉണർത്തൽ. അതാണല്ലോ അല്ലാഹുﷻ, (‘ക്വുദ്സിയ്യാ’യ ഹദീഥിലൂടെ) പറഞ്ഞത്: «എന്റെ സൃഷ്ടിപോലെ സൃഷ്ടിക്കുവാൻ പോകുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്?» എന്ന്.
- അല്ലാഹുﷻയുടെ കഴിവിനെകുറിച്ച് ഉണർത്തൽ. രൂപമുണ്ടാക്കുന്നവരുടേയും ചിത്രമുണ്ടാക്കുന്നവരുടേയും കഴിവുകേടും ഉണർത്തൽ. അതാണല്ലോ അല്ലാഹുﷻ, (‘ക്വുദ്സിയ്യാ’യ ഹദീഥിലൂടെ)പറഞ്ഞത്: «എങ്കിൽ, അവർ ഒരു അണു മണി സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ അവനൊരു ധാന്യമണി സൃഷ്ടിക്കട്ടെ, അതുമല്ലെങ്കിൽ ഒരു ബാർലി സൃഷ്ടിക്കട്ടെ»
- അവരാണ് അതികഠിനമായ ശിക്ഷക്കിരയാകുന്നവർ എന്ന വ്യക്തമാക്കൽ.
- വരച്ച എല്ലാ ചിത്രങ്ങൾക്കും അല്ലാഹുﷻ നഫ്സിനെ നല്കും. അവകൊണ്ട് ‘മുസ്വവ്വിർ’(രൂപമുണ്ടാക്കുന്നവൻ) നരകത്തിൽ ശിക്ഷിക്കപ്പെടുകയും ചെയ്യും.

- രൂപമുണ്ടാക്കുന്നവൻ തന്റെ രൂപങ്ങളിലും ചിത്രങ്ങളിലും ആത്മാവ് ഊതുവാൻ കല്പ്പിക്കപ്പെടും.
- ചിത്രം കണ്ടാൽ മായ്ക്കുവാനുള്ള കല്പന.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**